**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2376** **27-02-2023 - ൽ മറുപടിയ്ക്ക്**

**പാലക്കാട്-പാറ-പൊള്ളാച്ചി റോഡ് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന പാലക്കാട്- പാറ-പൊള്ളാച്ചി റോഡ് നവീകരണം എന്ന പദ്ധതിക്ക് കിഫ്ബി സാമ്പത്തികാനുമതി നൽകിയിട്ടുണ്ടോ; | (എ) | പാറ-പൊള്ളാച്ചി റോഡ് നവീകരണ പദ്ധതിക്ക് കിഫ്ബി ധനാനുമതി നൽകിയിട്ടില്ല. |
| (ബി) | ഈ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; ഇനി എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തിയാക്കാനുണ്ട്; വിശദാംശം ലഭ്യമാക്കാമോ? | (ബി) | പാറ-പൊള്ളാച്ചി റോഡ് നവീകരണ പ്രവൃത്തിയ്ക്കായി 23 മീറ്റർ RoW നിശ്ചയിച്ച് നിർവ്വഹണ ഏജൻസിയായ KRFB പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. ആയത് കിഫ്ബി പരിശോധിച്ച് ടൌൺ ഭാഗങ്ങളിൽ 18.50 മീറ്ററായും, മറ്റ് ഭാഗങ്ങളിൽ 19.20 മീറ്ററിലുമായി സ്ഥലമേറ്റെടുക്കുന്നതിനുള്ള എസ്റ്റിമേറ്റും സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ അലൈൻമെന്റ് ഡ്രോയിങ്ങും, സ്ഥലമേറ്റെടുക്കുന്നതിനുള്ള എസ്റ്റിമേറ്റും SPV കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുക്കുന്നതിനുള്ള അനുമതി കിഫ്ബി എക്സിക്യൂട്ടീവ് കമ്മറ്റി നൽകിയിട്ടുണ്ട്.<br>റോഡ് പ്രവൃത്തിയുടെ DPR സമർപ്പിക്കുന്ന മുറയ്ക്ക് അവലോകനം നടത്തി കിഫ്ബി മാനദണ്ഡങ്ങൾക്ക് വിധേയമായി കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റി/ജനറൽ ബോഡിയുടെ അംഗീകാരത്തിന് സമർപ്പിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ